**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 558** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയാനായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് ഒറ്റപ്പെടൽ അനുഭവപ്പെടുന്നതും സ്നേഹവും അംഗീകാരവും ലഭിക്കാതിരിക്കുന്നതും ഇവരെ ലഹരി മരുന്നിന് അടിമയാക്കുന്നതിന് കാരണമാകുന്നു എന്നത് വസ്തുതയാണോ; | (എ) | നാഷണൽ പോപ്പുലേഷൻ എഡ്യൂക്കേഷൻ പ്രോഗ്രാമിന്റെ ഭാഗമായി കൗമാര പ്രായക്കാരുടെ 'ലഹരി വസ്തുക്കളുടെ ഉപയോഗം' എന്ന ഗവേഷണ പഠനം എസ്.സി.ഇ.ആർ.ടി നടത്തുകയുണ്ടായി. കേരളത്തിലെ വയനാട്, ഇടുക്കി, കാസർഗോഡ്, ജില്ലകളിലാണ് പഠനം നടത്തിയത്. പ്രസ്തുത പഠനത്തിൽ കുട്ടികളെ ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളായി കണ്ടെത്തിയത് ചുവടെപ്പറയുന്നവയാണ്.<br><br>1.സ്കൂളുകളിലെ കൗൺസലിംഗ് സേവനങ്ങളുടെ ലഭ്യതക്കുറവ്<br><br>2. സ്കൂൾ പരിസരത്ത് ലഹരി വസ്തുക്കളുടെലഭ്യത<br><br>3. കുടുംബത്തിലെ അംഗങ്ങളുടെ ലഹരിഉപയോഗം<br><br>4. തൃപ്തികരമല്ലാത്ത സ്കൂൾ അന്തരീക്ഷം.<br><br>5. ലഹരി ഉപഭോക്താക്കളായമുതിർന്നവരുമായിട്ടുള്ള അതിരുകവിഞ്ഞ സൗഹൃദം.<br><br>6. സമപ്രായക്കാരുടെ സമ്മർദ്ദങ്ങൾ,<br><br>പ്രലോഭനങ്ങൾ<br><br>7.രക്ഷാകർത്തൃത്വത്തിലുള്ള അപാകതകൾ<br><br>വിദ്യാർത്ഥികൾക്ക് ഒറ്റപ്പെടൽ അനുഭവപ്പെടുന്നതും, സ്നേഹവും അംഗാകാരവും ലഭിക്കാതിരുന്നതും ഇവരെ ലഹരി മരുന്നിന് അടിമകളാക്കുന്നതിന് ഒരു കാരണമായി മാനസികാരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ വിലയിരുത്തുന്നുണ്ട്. |
| (ബി) | മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും കാര്യക്ഷമമായ | (ബി) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം |

ഇടപെടലിലൂടെ മാത്രമേ ഇത്തരത്തിലുള്ള വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുവെന്നിരിക്കെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കളിൽ ബോധവത്ക്കരണം നടത്താൻ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

സംബന്ധിച്ച് രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്താൻ വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്

1. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യംസാക്ഷാത്ക്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തുടനീളം ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു.

2. സ്കൂൾ തല ജന ജാഗ്രാതാ സമിതി രൂപികരിച്ചു ഇതിൽ പി.ടി.എ, എം.പി.ടി.എ പ്രതിനിധികൾ അധ്യാപകർ, രക്ഷകർത്താക്കൾ, എക്സൈസ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു.

3. 2022 ഒക്ടോബർ 2 ന് ഈ ജന ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി

4. ഒക്ടോബർ 30,31 തീയതികളിൽ സ്കൂളുകളിലും പരിസരത്തും വിളംബര ജാഥ സംഘടിപ്പിച്ചു.

5. 2022 നവംബർ 1ന് കുട്ടികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, പൊതുജനങ്ങൾ, എന്നിവരെ പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ശൃംഗല രൂപീകരിക്കുകയും ലഹരി ഉല്പന്നങ്ങളുടെ കുഴിച്ചുമൂടൽ, കത്തിക്കൽ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. അതേ ദിവസം ഇവരെല്ലാവരും ചേർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞയും നടത്തി

6. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകി.

7. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ എൽ.പി യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലെ മൊഡ്യൂളിനെ ആസ്പദമാക്കി ഏകദിന അധ്യാപക ശാക്തീകരണ പരിപാടി എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, പോലീസ് എന്നീ വകുപ്പുകളിലെ വിദഗ്ധർ ശാക്തീകരണ പരിപാടികളിൽ സംബന്ധിച്ചു.

ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾക്ക് "മക്കളെ അറിയാൻ" എന്ന പ്രോഗ്രാം എല്ലാ ഹയർ സെക്കന്ററി സ്കൂളിലും സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ നൽകി വരുന്നു. ഇതിനായി ഒരു മൊഡ്യൂൾ വകുപ്പ് തന്നെ തയ്യാറാക്കി നൽകി. കൗമാരക്കാരുടെ ശരിയായ രക്ഷാകർതൃത്വം ആണ് ഈ പ്രോഗ്രാമിലൂടെ ഉദ്ദേശിക്കുന്നത് . വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതിന് ഡോക്ടർമാർക്ക് മുൻഗണന നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകി വരുന്നു.

വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് 3 ദിവസത്തെ പ്രാഥമിക പരിശീലനത്തിലും NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരിയർ ഗൈഡൻസ്& കൗൺസലിംഗ് പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

1.പോസിറ്റീവ് പേരന്റിംഗ്:-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് മാനസികാരോഗ്യ വിദഗ്ദ്ധർ, അക്കാദമിക വിദഗ്ദ്ധർ, പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നൽകി വരുന്ന പരിശീലന പരിപാടിയാണ് പോസിറ്റീവ് പേരന്റിംഗ്. ഈ പരിശീലന പരിപാടിയിലൂടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം
നിരുൽസാഹപ്പെടുത്തുന്നതിനും ലഹരി വിപത്തിൽ കുരുങ്ങുന്ന വിദ്യാർത്ഥികളെ രക്ഷപ്പെടുത്തുന്നതിനുമുള്ള നടപടികൾ രക്ഷകർത്താക്കൾക്കു വിശദീകരിച്ചു നൽകി വരുന്നു. .

| | | | |
|---|---|---|---|
| | | | 2. ഹാപ്പിലേണിംഗ്:- പഠനം ആയാസ രഹിതവു സന്തോഷകരവുമായ പ്രവർത്തനമാക്കി മാറ്റവാ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന പരിപാടിയാണ് ഹാപ്പി ലേണിംഗ്. പഠനകാലത്തെ ലഹരി ഉപയോഗം പഠന പ്രവർത്തനങ്ങളെ ദോഷകരമായി സ്വാധീനിക്കുന്നതും ആരോഗ്യം നശിപ്പിക്കുന്നതും സംബന്ധിച്ച. അവബോധം സൃഷ്ടിക്കുന്ന തരത്തിലാണ് ടി പരിശീലനം നടത്തിവരുന്നത്<br><br>3. സ്നേഹസ്പർശം:- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മന:ശാസ്ത്ര വിദഗ്ധരുടെ ഓൺകാൾ സേവനം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് സ്നേഹ സ്പർശം. ആദ്യഘട്ടം എന്ന നിലയിൽ തൃശ്ശൂർ<br><br>ജില്ലയിലെ എല്ലാ വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും മന:ശാസ്ത്ര<br><br>വിദഗ്ധരുടെ നേതൃത്വത്തിലുള്ള കൗൺസലിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഈ കൗൺസലിംഗ് ക്ലാസ്സുകളിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ പ്രത്യേക വിഷയമായി പരാമർശിക്കുകയുണ്ടായി. ലഹരി ഉപയോഗം അടക്കമുള്ള മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നിശ്ചിത ടെലിഫോൺ നമ്പരിലൂടെ മന:ശാസ്ത്ര വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും സ്നേഹസ്പർശം പരിപാടിയിൽ സംവിധാനമുണ്ട് |
| (സി) | വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാനായി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ? | (സി) | വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം സംബന്ധിച്ച് രക്ഷിതാക്കളിൽ ബോധവൽക്കരണം നടത്താൻ വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്<br><br>1. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം<br><br>സാക്ഷാത്ക്കരിക്കുന്നതിനും വിദ്യാർത്ഥി കൾക്കിടയിലെ ലഹരി ഉപയോഗം |

തടയുന്നതിനും 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംസ്ഥാനത്തുടനീളം ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തു.

2. സ്കൂൾ തല ജന ജാഗ്രാതാ സമിതി രൂപികരിച്ച ഇതിൽ പി.ടി.എ, എം.പി.ടി.എ പ്രതിനിധികൾ അധ്യാപകർ, രക്ഷകർത്താക്കൾ, എക്സൈസ് പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു.

3. 2022 ഒക്ടോബർ 2 ന് ഈ ജന ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി

4. ഒക്ടോബർ 30,31 തീയതികളിൽ സ്കൂളുകളിലും പരിസരത്തും വിളംബര ജാഥ സംഘടിപ്പിച്ചു.

5. 2022 നവംബർ 1ന് കുട്ടികൾ, അധ്യാപകർ, രക്ഷകർത്താക്കൾ, പൊതുജനങ്ങൾ, എന്നിവരെ പങ്കെടുപ്പിച്ച് ലഹരി വിരുദ്ധ ശൃംഗല രൂപീകരിക്കുകയും ലഹരി ഉല്പന്നങ്ങളുടെ കുഴിച്ചുമൂടൽ, കത്തിക്കൽ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. അതേ ദിവസം ഇവരെല്ലാവരും ചേർന്ന് ലഹരി വിരുദ്ധ പ്രതിജ്ഞയും നടത്തി

6. അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് ബോധവൽക്കരണം നൽകുന്നതിലേയ്ക്കായി മൊഡ്യൂൾ എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകി.

7. എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ എൽ.പി യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലെ മൊഡ്യൂളിനെ ആസ്പദമാക്കി ഏകദിന അധ്യാപക ശാക്തീകരണ പരിപാടി എസ്.സി.ഇ.ആർ.ടി യുടെ ആഭിമുഖ്യത്തിൽ നടത്തി. വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ്, പോലീസ് എന്നീ വകുപ്പുകളിലെ വിദഗ്ധർ ശാക്തീകരണ പരിപാടികളിൽ സംബന്ധിച്ചു.

ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾക്ക് "മക്കളെ അറിയാൻ" എന്ന പ്രോഗ്രാം എല്ലാ ഹയർ സെക്കന്ററി സ്കൂളിലും സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ നൽകി വരുന്നു. ഇതിനായി ഒരു മൊഡ്യൂൾ വകുപ്പ് തന്നെ തയ്യാറാക്കി നൽകി. കൗമാരക്കാരുടെ ശരിയായ രക്ഷാകർതൃത്വം ആണ് ഈ പ്രോഗ്രാമിലൂടെ

ഉദ്ദേശിക്കുന്നത് . വിദ്യാർത്ഥികളുടെ ലഹരി ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് രക്ഷാകർത്താക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതിന് ഡോക്ടർമാർക്ക് മുൻഗണന നൽകാൻ നിർദ്ദേശ നൽകിയിട്ടുണ്ട്.

എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകി വരുന്നു.

വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണം എന്നത് സൗഹൃദ കോർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് 3 ദിവസത്തെ പ്രാഥമിക പരിശീലനത്തിലും NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ കരിയർ ഗൈഡൻസ്& കൗൺസലിംഗ് പ്രവർത്തനങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ നടത്തിവരുന്നു.

1.പോസിറ്റീവ് പേരന്റിംഗ്:-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്ക് മാനസികാരോഗ്യ വിദഗ്ദ്ധർ, അക്കാദമിക വിദഗ്ദ്ധർ, പോലീസ്/ എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ നേതൃത്വത്തിൽ നൽകി വരുന്ന പരിശീലന പരിപാടിയാണ് പോസിറ്റീവ് പേരന്റിംഗ്. ഈ പരിശീലന പരിപാടിയിലൂടെ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം
നിരുൽസാഹപ്പെടുത്തുന്നതിനും ലഹരി വിപത്തിൽ കുരുങ്ങുന്ന വിദ്യാർത്ഥികളെ രക്ഷപ്പെടുത്തുന്നതിനുമുള്ള നടപടികൾ രക്ഷകർത്താക്കൾക്കു വിശദീകരിച്ചു നൽകി വരുന്നു. .

2. ഹാപ്പിലേണിംഗ്:- പഠനം ആയാസ രഹിതവു സന്തോഷകരവുമായ പ്രവർത്തനമാക്കി മാറ്റുവാ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന പരിപാടിയാണ് ഹാപ്പി ലേണിംഗ്. പഠനകാലത്തെ ലഹരി ഉപയോഗം പഠന പ്രവർത്തനങ്ങളെ ദോഷകരമായി സ്വാധീനിക്കുന്നതും ആരോഗ്യം നശിപ്പിക്കുന്നതും

| | | | |
|---|---|---|---|
| | | | സംബന്ധിച്ച. അവബോധം സൃഷ്ടിക്കുന്ന തരത്തിലാണ് ടി പരിശീലനം നടത്തിവരുന്നത്<br><br>3. സ്നേഹസ്പർശം:- വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മന:ശാസ്ത്ര വിദഗ്ദ്ധരുടെ ഓൺകാൾ സേവനം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് സ്നേഹ സ്പർശം. ആദ്യഘട്ടം എന്ന നിലയിൽ തൃശ്ശൂർ<br><br>ജില്ലയിലെ എല്ലാ വെക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും മന:ശാസ്ത്ര<br><br>വിദഗ്ദ്ധരുടെ നേതൃത്വത്തിലുള്ള കൗൺസലിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഈ കൗൺസലിംഗ് ക്ലാസ്സുകളിൽ ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ പ്രത്യേക വിഷയമായി പരാമർശിക്കുകയുണ്ടായി. ലഹരി ഉപയോഗം അടക്കമുള്ള മാനസിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നിശ്ചിത ടെലിഫോൺ നമ്പരിലൂടെ മന:ശാസ്ത്ര വിദഗ്ദ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും സ്നേഹസ്പർശം പരിപാടിയിൽ സംവിധാനമുണ്ട് |

സെക്ഷൻ ഓഫീസർ